# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4835 — 18.12.2014 ൽ മറുപടിയ്ക്ക്

### നിയന്ത്രണാതീതമായുണ്ടാകുന്ന വിലക്കയറ്റം തടഞ്ഞുനിർത്താൻ

**ചോദ്യം**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും
ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് നിയന്ത്രണാതീതമായുണ്ടാകുന്ന വിലക്കയറ്റം തടഞ്ഞു നിർത്താൻ ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതു വരെ മാർക്കറ്റിടപെടലുകൾക്കായി പ്രതിവർഷം എത്ര തുക നീക്കിവച്ചിരുന്നെന്ന് വെളിപ്പെടുത്താമോ ;

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതു വരെ മാർക്കറ്റിടപെടലുകൾക്കായി നീക്കിവച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | തുക (കോടിയിൽ) |
|---|---|
| 2011 - 2012 | 118.35 |
| 2012 – 2013 | 135.00 |
| 2013 - 2014 | 116.021 |
| 2014 – 2015 (11.12.2014 വരെ) | 65.00 |

(ബി) നീക്കിവച്ച തുകയിൽ നാളിതുവരെ പ്രതിവർഷം എത്ര തുക ചെലവഴിച്ചെന്ന് വിശദമാക്കാമോ ;

(ബി) നീക്കിവച്ച തുക മുഴുവനും ചെലവഴിച്ചിട്ടുണ്ട്.

(സി) പ്രസ്തുത തുക ചെലവഴിച്ചതു വഴി പൊതുജനങ്ങൾക്ക് എന്തെല്ലാം ഗുണങ്ങളാണുണ്ടായിട്ടുള്ളതെന്ന് വിശദമാക്കുമോ ?

(സി) 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ പൊതുവിപണി വിലയേക്കാൾ കുറഞ്ഞനിരക്കിൽ ലഭ്യമാക്കുക വഴി ഇവയുടെ പൊതുവിപണിവില പിടിച്ചു നിർത്തുവാനും അതുവഴി പൊതുജനങ്ങൾക്ക് അവശ്യ സാധനങ്ങൾ ന്യായ വിലയ്ക്ക് ലഭ്യമാക്കുവാനും സാധിക്കുന്നുണ്ട്.

Beena

സെക്ഷൻ ഓഫീസർ